കാലിക്കറ്റ് സർവകലാശാല
പബ്ലിക് റിലേഷൻസ് വിഭാഗം

പത്രക്കുറിപ്പ്
2026 നവംബർ 09 **website: uoc.ac.in**

കാലിക്കറ്റ് സർവകലാശാലാ
ഇന്റർ കോളേജിയേറ്റ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ് നവംബർ 10 മുതൽ

കാലിക്കറ്റ് സർവകലാശാലയുടെ 2026 - 27 വർഷത്തെ ഇന്റർ കോളേജിയേറ്റ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ് നവംബർ 10 മുതൽ 16 വരെ നടക്കും. സർവകലാശാലാ ഫുട്ബോൾ സ്റ്റേഡിയമാണ് വേദി. 4 സോണുകളിൽ നിന്നായി 16 ടീമുകളാണ് പങ്കെടുക്കുന്നത്. ടൂർണമെന്റിന്റെ എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി കായിക വകുപ്പ് മേധാവി ഡോ. വി.പി. സക്കീർ ഹുസൈൻ അറിയിച്ചു. സോൺ, ടീം എന്നിവ ക്രമത്തിൽ :- എ സോൺ - ഫാറൂഖ് കോളേജ്, എം.എ.എം.ഒ. കോളേജ്, സെന്റ് ജോസഫ് കോളേജ് ദേവഗിരി, ഗുരുവായൂരപ്പൻ കോളേജ് കോഴിക്കോട്. ബി സോൺ - എം.ഇ.എസ്. കെവീയം കോളേജ് വളാഞ്ചേരി, ഇ.എം.ഇ.എ. കോളേജ് കൊണ്ടോട്ടി, എസ്.എസ്. കോളേജ് അരീക്കോട്, എം.ഇ.എസ്. കോളേജ് മമ്പാട്. സി സോൺ - നജാത് കോളജ്, വി.ടി.ബി. കോളേജ് മണ്ണമ്പറ്റ, എം.ഇ.എസ്. കല്ലടി കോളേജ് മണ്ണാർക്കാട്, മൈനോറിറ്റി ആർട്സ് ആന്റ് സയൻസ് കോളേജ് പാലക്കാട്. ഡി സോൺ - ക്രൈസ്റ്റ് കോളേജ് ഇരിഞ്ഞാലക്കുട, ശ്രീ കേരള വർമ്മ കോളേജ് തൃശ്ശൂർ, എം.ഡി. കോളേജ് പഴഞ്ഞി, എം.ഇ.എസ്. അസ്മാബി കോളേജ് കൊടുങ്ങല്ലൂർ. നവംബർ 10-ാം തീയതിയിലെ മത്സരക്രമം: രാവിലെ 07.00 - ഫാറൂഖ് കോളേജ് vs എം.ഇ.എസ്. അസ്മാബി കോളേജ്, രാവിലെ 09.30 - എസ്.എസ്. കോളേജ് vs വി.ടി.ബി. കോളേജ്, രാവിലെ 10.00 - ഇ.എം.ഇ.എ. കോളേജ് vs എം.ഇ.എസ്. കല്ലടി കോളേജ്, ഉച്ചക്ക് 01.30 - ഗുരുവായൂരപ്പൻ കോളേജ് vs ക്രൈസ്റ്റ് കോളേജ്.

പി.ആർ. 1566/2026

സർവകലാശാലാ എഞ്ചിനീയറിങ് കോളേജിൽ
ഓഫീസ് അസിസ്റ്റന്റ് നിയമനം

കാലിക്കറ്റ് സർവകലാശാലാ എഞ്ചിനീയറിങ് കോളേജിൽ ഓഫീസ് അസിസ്റ്റന്റ് തസ്തികയിലേക്ക് കരാറടിസ്ഥാനത്തിലുള്ള നിയമനത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിച്ചവരിൽ യോഗ്യരായി കണ്ടെത്തിയവർക്കുള്ള എഴുത്തു പരീക്ഷ നവംബർ 30-ന് നടത്തും. കേന്ദ്രം: സർവകലാശാലാ സെനറ്റ് ഹാൾ. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

പി.ആർ. 1567/2026

തളിക്കുളം സെന്ററിൽ
ഗസ്റ്റ് അധ്യാപക ഒഴിവ്

തൃശ്ശൂർ തളിക്കുളത്തുള്ള കാലിക്കറ്റ് സർവകലാശാലാ സെന്റർ ഫോർ കമ്പ്യൂട്ടർ സയൻസ് ആന്റ് ഇൻഫർമേഷൻ ടെക്നോളജിയിൽ (സി.സി.എസ്.ഐ.ടി.) ബി.സി.എ. പ്രോഗ്രാമിന്

(2025, 2026 പ്രവേശനം) രണ്ടും നാലും സെമസ്റ്ററുകളിലെ ഇംഗ്ലീഷ്, മലയാളം വിഷയങ്ങൾക്ക് മണിക്കൂറടിസ്ഥാനത്തിലുള്ള ഗസ്റ്റ് അധ്യാപക ഒഴിവുണ്ട്. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദം നേടിയിരിക്കണം. യു.ജി.സി. നെറ്റ് യോഗ്യതയുള്ളവർക്ക് മുൻഗണന. അപേക്ഷകർ അസൽ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നവംബർ 17ന് വൈകീട്ട് 04.00 മണിക്ക് മുൻപായി തളിക്കുളം സെന്ററിൽ ഹാജരാക്കണം. അഭിമുഖ തീയതി പിന്നീടറിയിക്കും. ഫോൺ: 0487 2607112, 8089900465.

പി.ആർ. 1568/2026

പ്രാക്ടിക്കൽ പരീക്ഷ

അഞ്ചാം സെമസ്റ്റർ ബി.വോക്. ഡിജിറ്റൽ ഫിലിം പ്രൊഡക്ഷൻ (സി.ബി.സി.എസ്.എസ്. - വി. - യു.ജി.) നവംബർ 2026 പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 17-ന് തുടങ്ങും. കേന്ദ്രം: എം.ഇ.എസ്. അസ്മാബി കോളേജ് കൊടുങ്ങല്ലൂർ.

അഞ്ചാം സെമസ്റ്റർ ബി.വോക്. ജെമ്മോളജി (സി.ബി.സി.എസ്.എസ്. - വി. - യു.ജി.) നവംബർ 2026 പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 16-ന് തുടങ്ങും. കേന്ദ്രം: സെന്റ് അലോഷ്യസ് കോളേജ്, എൽതുരുത്ത്. വിശദമായ ഷെഡ്യൂൾ വെബ്സൈറ്റിൽ.

പി.ആർ. 1569/2026

പരീക്ഷ

അഫിലിയേറ്റഡ് കോളേജുകളിലെ ഒന്നാം സെമസ്റ്റർ ബി.എ., ബി.എസ് സി., ബി.എസ് സി. ആൾട്ടർനേറ്റ് പാറ്റേൺ, ബി.കോം., ബി.ബി.എ., ബി.എ. മൾട്ടി മീഡിയ, ബി.സി.എ., ബി.എസ്.ഡബ്ല്യൂ., ബി.ടി.എച്ച്.എം., ബി.എച്ച്.എ., ബി.എ. വിഷ്വൽ കമ്മ്യൂണിക്കേഷൻ, ബി.എ. ഫിലിം ആന്റ് ടെലിവിഷൻ, ബി.എ. അഫ്സൽ - ഉൽ - ഉലമ, ബി.ജി.എ. , ബി.കോം. ഹോണേഴ്സ്, ബി.കോം. പ്രൊഫഷണൽ, സ്കൂൾ ഓഫ് ഫൈൻ ആർട്സ് ആന്റ് ഡ്രാമയിലെ ബി.ടി.എ., വിദൂര വിഭാഗം / പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ., ബി.എസ് സി., ബി.കോം., ബി.ബി.എ., ബി.എ. അഫ്സൽ - ഉൽ - ഉലമ (2021, 2022, 2023 പ്രവേശനം) നവംബർ 2026 സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷകൾ ഡിസംബർ 07-ന് തുടങ്ങും. വിശദമായ സമയക്രമം പിന്നീട് പ്രസിദ്ധീകരിക്കും.

പി.ആർ. 1570/2026

പുനർമൂല്യനിർണയഫലം

രണ്ടാം സെമസ്റ്റർ ബി.കോം. എൽ.എൽ.ബി. ഹോണേഴ്സ് (2021 മുതൽ 2025 വരെ പ്രവേശനം) മാർച്ച് 2026 പരീക്ഷകളുടെ പുനർമൂല്യനിർണയഫലം പ്രസിദ്ധീകരിച്ചു.

പി.ആർ. 1571/2026